LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

2005 ജൂലൈ 21, വ്യാഴം

വാല്യം CXXV] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 13

നിയമസഭ 2005 ജൂലൈ മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മിസ്റ്റർ സ്പീക്കർ: ഓർഡർ, ഓർഡർ, ... ചോദ്യം നമ്പർ 269

തമിഴ്നാട് കയ്യേറിയ വനഭൂമി

*1 [269] *ശ്രീ. കെ. സുധാകരൻ:*

,, *വർക്കല കഹാർ:*

,, *ലൂഡി ലൂയിസ്:*

,, *ബി. വിജയകുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമക്കൽമേട്ടിൽ സംസ്ഥാനത്തിന്റെ വനഭൂമി തമിഴ്നാട് കയ്യേറുകയുണ്ടായോ;

(ബി) ഈ കയ്യേറ്റം ഒഴിപ്പിച്ചുവോ;

(സി) സംസ്ഥാനത്തിന്റെ വനഭൂമി മറ്റെവിടെയെങ്കിലും തമിഴ്നാട് കയ്യേറിയിട്ടുണ്ടോ;

(ഡി) നമ്മുടെ വനഭൂമിയിൽ തമിഴ്നാട് കയ്യേറ്റം നടത്താതിരിക്കുവാൻ എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ,

(എ) രാമക്കൽമേട് കാർഡമം ഹിൽ റിസർവിൽപ്പെട്ട സ്ഥലമാണ്. പ്രസ്തുത പ്രദേശത്തിന്റെ ഭരണപരമായ ചുമതല റവന്യൂ വകുപ്പിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്. ഇവിടെ കയ്യേറ്റമുള്ളതായി വനം വകുപ്പിന് അറിവില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്. മണ്ണാർക്കാട് ഡിവിഷനിൽ അട്ടപ്പാടി റെയിഞ്ചിൽ തമിഴ്നാട് അതിർത്തിയായ കിണ്ണക്കര എന്ന സ്ഥലത്തുള്ള വനഭൂമിയിൽ തമിഴ്നാട്ടിൽ നിന്നും കർഷകർ കയ്യേറി കൃഷി ചെയ്യുന്ന 30–40 വർഷം പഴക്കമുള്ള തേയിലത്തോട്ടങ്ങൾ ഉണ്ട്.

(ഡി) അന്തർ സംസ്ഥാന അതിർത്തി വ്യക്തമായി തിരിച്ചറിയാൻപറ്റാത്ത സ്ഥലങ്ങളിൽ സർവ്വേ നടത്തി അതിർത്തി വ്യക്തമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വനഭൂമിയിൽ കയ്യേറ്റം നടക്കാതിരിക്കുന്നതിനായി അതിർത്തികൾ നിർണ്ണയിച്ച് ജണ്ടയിട്ടും ഫീൽഡ് പരിശോധന നടത്തിയും ജാഗ്രത പുലർത്തുന്നുണ്ട്. ഫീൽഡ് സ്റ്റാഫിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശോധന നടത്തിയും അന്തർ സംസ്ഥാന അതിർത്തി നിർണ്ണയിച്ച് മാർക്കിംഗും നിരന്തര റോന്തു ചുറ്റലും നടത്തിവരുന്നു. സംസ്ഥാനത്തെ ജലസേചന വകുപ്പിലേയും ഇലക്ട്രിസിറ്റി ബോർഡിലേയും വനം വകുപ്പിലേയും ഉദ്യോഗസ്ഥർ കൂട്ടായി അതിർത്തി പരിശോധന നടത്തുന്നുണ്ട്. കിണ്ണക്കരയിൽ ഒരു ഫോറസ്റ്റ് ഔട്ട്പോസ്റ്റ് സ്ഥാപിച്ചതിനുശേഷം പുതിയ കയ്യേറ്റങ്ങൾ ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ട്. അതിർത്തി പ്രദേശത്തെ വനങ്ങളിൽ വർഷംതോറും കേരളത്തിലേയും തമിഴ്നാട്ടിലേയും വനം, റവന്യൂ, സർവ്വേ വകുപ്പുകളിൽപ്പെട്ട ജീവനക്കാർ സംയുക്തമായി പരിശോധന നടത്താറുണ്ട്.

ശ്രീ. വർക്കല കഹാർ: സർ, രാമക്കൽമേട്ടിൽ കയ്യേറ്റം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല എന്നാണ് ഇവിടെ മറുപടിയിൽ പറഞ്ഞത്. പക്ഷേ, കാറ്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനും ജലസമ്പത്ത് കവർന്നെടുക്കുന്നതിനും പറ്റിയ സ്ഥലങ്ങളിലെല്ലാം തമിഴ്നാട് കടന്നു വരികയും അതുപോലെ കെട്ടി അടയ്ക്കുകയും ചെയ്യുന്നതായി സ്ഥിരമായി പത്രവാർത്തകൾ വരുന്നുണ്ട്. രാമക്കൽമേട്ടിൽ കാറ്റാടി യന്ത്രങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനുവേണ്ടി തമിഴ്നാട് ഗവൺമെന്റ് സ്വകാര്യ ഏജൻസിയെ

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിച്ചതായി പത്രങ്ങളിൽ വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞ കാര്യങ്ങളെക്കുറിച്ച് ഞാൻ ഡിസ്പ്യൂട്ട് ചെയ്യുന്നില്ല. ഈ കാര്യങ്ങൾ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമപരമായി ഇത് റവന്യൂ വകുപ്പിന്റെ ഭൂമിയായതുകൊണ്ട് റവന്യൂ വകുപ്പിന് ഇതിന്റെമേൽ എന്തെങ്കിലും ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടുകൾ മാത്രമാണ് ഞാൻ സൂചിപ്പിച്ചത്.

ശ്രീ. വർക്കല കഹാർ : നെയ്യാർഡാമിൽനിന്നും തമിഴ്നാട്ടിലേക്ക് അപ്രോച്ചുണ്ട്. നെയ്യാർഡാമിന്റെ ഒരതിർത്തി തമിഴ്നാട് ആണ്. മറ്റൊരു അതിർത്തി തിരുവനന്തപുരം ആണ്. സൗജന്യമായിട്ട് തമിഴ്നാട്ടിന് വെള്ളം കൊടുത്തുകൊണ്ടിരുന്നത് കുറച്ചു നാളുകൾക്ക് മുമ്പ് നിർത്തി. അതിനുശേഷം ആ പ്രദേശത്തെ തമിഴ് വിഭാഗങ്ങളെക്കൊണ്ട് ചെയ്യിച്ച വഴിയിലൂടെ വെള്ളം എടുക്കുകയുണ്ടായി. അത് ബോധപൂർവ്വമായിരുന്നു. അത് വെള്ളം ചോർത്തി എടുക്കുന്നതിനായിരുന്നുവെന്ന് ഇപ്പോൾ ആർക്കും മനസ്സിലാക്കാൻ പറ്റും. നല്ല തോതിൽ വെള്ളം ചോർത്തിക്കൊണ്ടിരുന്നതായിട്ടാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇത് റവന്യൂ വകുപ്പുമായി ബന്ധമുള്ള ചോദ്യമല്ല എങ്കിലും ജലവിഭവ വകുപ്പുകൂടി കൈകാര്യം ചെയ്യുന്നതുകൊണ്ട് ഞാൻ മറുപടി പറയാം. നേരത്തെ ഉണ്ടായിരുന്ന നടപടിക്രമം അനുസരിച്ച് നെയ്യാർഡാമിൽനിന്നും വെള്ളം കൊടുക്കുന്നുണ്ടായിരുന്നു. ഈ നിയമസഭയിൽ ഉണ്ടായ അഷ്വറൻസിന്റെ അടിസ്ഥാനത്തിൽ ഞങ്ങനെ വെള്ളം കൊടുക്കരുതെന്നുള്ള നിലപാട് എടുത്തിട്ടുണ്ട്. നെയ്യാർഡാമിലെ ജലത്തിന്റെ ഗുണം അനുഭവിച്ചുകൊണ്ടിരുന്ന കർഷകർ സഹകാര്യമായി അവർക്ക് വെള്ളം നൽകണമെന്ന് പറയുകയുണ്ടായി. അവിടെനിന്നും എം.പി.-മാർ വന്നിട്ടുണ്ട്. അവിടെനിന്നുള്ള രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധി സംഘം വന്നിട്ടുണ്ട്. മറ്റൊരു സംസ്ഥാനത്തിന് നമ്മൾ വെള്ളം കൊടുക്കുമ്പോൾ സംസ്ഥാനത്തിന്റെ റിക്വസ്റ്റ് വേണമെന്നുള്ളതാണ് ഗവണ്മെന്റ് എടുത്തിട്ടുള്ള നിലപാട്. ഗവണ്മെന്റ് ഒഫിഷ്യലായിട്ട് അപേക്ഷ തന്നാൽ, ... തമിഴ്നാടുമായും ഡിസ്പ്യൂട്ടുള്ള ചില സ്ഥലത്തെക്കുറിച്ച് നമുക്കും സംസാരിക്കാനുണ്ട്.

ശ്രീ. പി. ജയരാജൻ : സർ, കേരളത്തിലെ വനഭൂമിയുടെ വിസ്തൃതി പുരുങ്ങിവരുന്നതായിട്ടുള്ള പരാതികൾ വ്യാപകമായിട്ട് ഉയർന്നുവന്നിരിക്കുകയാണ്. കണ്ണൂർ ജില്ലയിലെ കണ്ണവം ഫോറസ്റ്റ് റെയിഞ്ചിൽ ഒരു ഫോറസ്റ്റ് മാനേജുമെന്റ് പ്ലാനിനെ അടിസ്ഥാനപ്പെടുത്തി വ്യാപകമായിട്ട് മരം മുറിച്ച് കൊണ്ടുപോകുന്നത് നേരത്തെ ഉണ്ടായിരുന്നു. അത് നിയമസഭയിലടക്കം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ നിർത്തലാക്കിയതായിരുന്നു. സുരേന്ദ്രകുമാർ ഐ.എഫ്.എസ്. എന്ന ഫോറസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഓഫീസറുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിയപ്പോൾ ആ ഫോറസ്റ്റ് റെയിഞ്ച് മാനേജുമെന്റ് പ്ലാൻ അനുസരിച്ച് മുറിക്കുന്ന വനമേഖല സ്വാഭാവിക അർദ്ധനിത്യഹരിതവനം ആണെന്നതാണ് സുരേന്ദ്രകുമാറിന്റെ റിപ്പോർട്ട്. ആ റിപ്പോർട്ട് നിലനിൽക്കേ വീണ്ടും മരം മുറിക്കുന്നതായിട്ടുള്ള പരാതികൾ ഉയർന്നു വന്നിട്ടുണ്ട്. ഇത്തരം വല്ല പരാതിയും ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : 2003-ലെ കണക്കനുസരിച്ച് 11268.4427 സ്കയർ കിലോമീറ്ററാണ് വനത്തിന്റെ വിസ്തൃതി. അങ്ങ് സൂചിപ്പിച്ചത്, അങ്ങയുടെ നിയോജകമണ്ഡലത്തിലെ കണ്ണവത്തെ കാര്യമാണെന്ന് എനിക്കറിയാം. ഇത് സംബന്ധിച്ച പരാതി എനിക്ക് കിട്ടിയിരുന്നു. അതിൽ നടപടി എടുക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കുകയും ചെയ്തു. എംപവേർഡ് കമ്മിറ്റിയുടെ ഡിസിഷന്റെ അടിസ്ഥാനത്തിലുള്ള നടപടികളാണ് നടന്നുകൊണ്ടിരിക്കുന്നത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഡൽഹിയിലുള്ള എംപവേർഡ് കമ്മിറ്റിയുടെ മുമ്പിൽ കേരള ഗവണ്മെന്റിന്റെ അഭിപ്രായം നമ്മൾ രേഖപ്പെടുത്തുന്നതാണ്. അങ്ങ് പറഞ്ഞ പ്രത്യേക പ്രശ്നത്തിനപ്പുറത്ത് എന്തെങ്കിലും ഉണ്ടെങ്കിൽ എഴുതിത്തന്നാൽ അതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, വനഭൂമി പലപ്പോഴും കുറയുന്നതായ സാഹചര്യം വരുന്നത് ശരിയായ ബൗണ്ടറി ഫിക്സ് ചെയ്യാതിരിക്കുകയും ആവശ്യമായ സെക്യൂരിറ്റി സംവിധാനം ഇല്ലാതെ വരികയും ചെയ്യുമ്പോഴാണ്. സംശയം ഉള്ളതും അതിക്രമത്തിന് സാദ്ധ്യതയുള്ളതുമായ സ്ഥലങ്ങളിൽ സെക്യൂരിറ്റിയെ ടൈറ്റ് ചെയ്ത് വനം കയ്യേറ്റം തടയാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: വനഭൂമി കയ്യേറ്റം തടയുന്നതിന് വിവിധ രൂപത്തിലുള്ള നടപടികൾ എടുത്തിട്ടുണ്ട്. കേരളവും തമിഴ്നാടും തമ്മിലുള്ള അതിർത്തി നിശ്ചയിച്ച് ജണ്ട ഇട്ടിട്ടില്ല. ഒട്ടുമുക്കാൽ സ്ഥലങ്ങളിലും അതിർത്തി നിശ്ചയിച്ചുകൊണ്ട് ജണ്ട ഇടാൻ കഴിഞ്ഞിട്ടുണ്ട്. ഉദാഹരണത്തിന്, കമ്പക്കല്ലിൽ ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രാദേശിക എം.എൽ.എ.-മാരും എല്ലാം പോയിരുന്നു. അവിടെ ചെന്നപ്പോൾ ഒരു മല മുതൽ മറ്റൊരു മലവരെ നമ്മുടെ അതിർത്തിയാണെന്ന് ചൂണ്ടിക്കാണിക്കുന്നതല്ലാതെ കൃത്യമായിട്ട് അതിർത്തി നിശ്ചയിച്ചിട്ടില്ല. അത് ചെയ്യേണ്ടത് വനം വകുപ്പല്ല. സർവ്വേ വകുപ്പാണ്. ഇങ്ങനെ അതിർത്തി നിശ്ചയിക്കാത്തിടത്ത് അതിർത്തി നിശ്ചയിക്കണമെന്ന് സർവ്വേ വകുപ്പിന് കത്ത് കൊടുത്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, സംസ്ഥാനത്തിന്റെ പല ഭാഗങ്ങളും മറ്റു സംസ്ഥാനങ്ങളുടെ വനവുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. ആ മേഖലയിലെ അതിർത്തി പ്രദേശങ്ങളിൽ വൻതോതിൽ കയ്യേറ്റം നടന്നതായിട്ട് ആക്ഷേപം ഉണ്ടായിട്ടുണ്ട്. മേക്കര

LIBRARY ARCHIVES Kerala Legislative Assembly

ഡാമിലേക്ക് വെള്ളം ചോർത്തിക്കൊണ്ടു പോകുന്നതിന് നമ്മുടെ വനപ്രദേശത്ത് കടന്ന് ചാലു വെട്ടിയതായ ആക്ഷേപം വരികയും നിയമസഭാ കമ്മിറ്റി അവിടെപ്പോയി പരിശോധിക്കുകയും ചെയ്തു. ഇത്തരം സ്ഥലങ്ങളിലുള്ള കയ്യേറ്റങ്ങൾ, പ്രത്യേകം പരിഗണിച്ചുകൊണ്ട്, നമ്മുടെ വെള്ളം ചോർത്തിക്കൊണ്ടു പോകാൻ കഴിയുന്ന കയ്യേറ്റങ്ങൾക്ക് പ്രത്യേക പരിഗണന കൊടുത്തുകൊണ്ട് സുരക്ഷാ നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറായിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, തമിഴ്നാട് മേക്കര ഡാം പണിതിരിക്കുന്നത് ഹനുമാൻ നദിയിലാണ്. ഈ ഹനുമാൻ നദിയുടെ തൊട്ടുമുകളിലുള്ള തൂവൽമല യിലാണ് കേരളത്തിന്റെ അതിർത്തി പ്രദേശം നിൽക്കുന്നത്. അവിടെ നിയമസഭയുടെ III-ാം നമ്പർ വിഷയനിർണ്ണയ കമ്മിറ്റിയുടെ 5 അംഗങ്ങൾ പരിശോധന നടത്തി. ശ്രീ. അടൂർപ്രകാശ്, ശ്രീ. രാജു എബ്രഹാം, ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. ഇ. എം. അഗസ്തി എന്നിവർ അതിലുണ്ടായിരുന്നു. ഇവർ എല്ലാവരും കൂടി ചേർന്നാണ് രണ്ട് മൂന്ന് ദിവസം കഷ്ടിച്ച് ആ സ്ഥലത്ത് പോയി പരിശോധന നടത്തിയത്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും ജലവിഭവ വകുപ്പും ചെയ്യാവുന്ന എല്ലാ സഹായങ്ങളും അവർക്ക് ചെയ്തുകൊടുത്തു. പക്ഷേ അവിടെ അങ്ങനെ വെള്ളം ഊറ്റുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് നിയമസഭയുടെ വിഷയനിർണ്ണയ കമ്മിറ്റി പോയി പരിശോധിച്ചതിന് ശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവിടെ ജോയിന്റ് ഇൻസ്പെക്ഷൻ വച്ചിട്ടുണ്ട്. കാലാകാലങ്ങളായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലേയും പോലീസ് ഡിപ്പാർട്ട്മെന്റിലേയും ഇലക്ട്രിസിറ്റി ബോർഡിലേയും അതോടൊപ്പം തന്നെ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലേയും ഉദ്യോഗസ്ഥന്മാരുടെ സംയുക്ത സംഘം പരിശോധന നടത്തുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അതിൻമേൽ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. മണി : സർ, എന്റെ നിയോജക മണ്ഡലം തമിഴ്നാടുമായി ബന്ധപ്പെട്ടു കിടക്കുന്ന മേഖലയാണ്. എല്ലാം വനഭൂമിയാണ്. കൊടയ്ക്കനാൽ, കമ്പക്കൽ തുടങ്ങി പല സ്ഥലങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും ഞാനും പോയി കണ്ടതാണ്. ഇവിടെയെല്ലാം അതിർത്തിപ്രദേശങ്ങളായതുകൊണ്ട് റോഡ് കടന്നുവരുമ്പോൾ ..... സുപ്രീംകോടതിയുടെ Empowered Committee-യുടെ ഒരു opinion മാത്രമേയുള്ളൂ. ജഡ്ജുമെന്റല്ല. ഒരു തീരുമാനം അല്ലെങ്കിൽ കമെന്റ് സാണ്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് റോഡ് പണി വേണ്ട എന്നുള്ള തീരുമാനത്തിലാണ് ഇപ്പോഴും നിൽക്കുന്നത്. ആ Empowered Committee-യുടെ കമെന്റ്സ് നമ്മൾ സ്വീകരിച്ചുകൊണ്ട് കേരളത്തിലെ വികസന കാര്യങ്ങളിൽ റോഡായാലും..... കാന്തല്ലൂർ എസ്.പി.പുരം റോഡ് അതുപോലെ തകരാറുള്ളതാണ്. ആ റോഡുകൾ ചെയ്യാതിരിക്കാൻ വേണ്ടി ശ്രമിക്കുന്ന ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ നിഗമനം അല്ലെങ്കിൽ തീരുമാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഇടപെടണം. വികസന കാര്യങ്ങളിൽ ഒരിക്കലും തമിഴ്നാടോ അല്ലെങ്കിൽ കേരളമോ ഇതിന് തകരാർ ഉണ്ടാക്കാൻ പാടില്ല; അല്ലെങ്കിൽ എതിരാകാൻ പാടില്ല എന്നുള്ള തീരുമാനം എടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മണി സൂചിപ്പിച്ചത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട നമ്മുടെ അതിർത്തി പ്രദേശങ്ങളിലെ റോഡുകളെക്കുറിച്ചാണ്. അതിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് എടുക്കാവുന്ന ഒരു സമീപനമുണ്ട്. നിലനിൽക്കുന്ന റോഡിന്റെ വീതി അതുപോലെ നിലനിർത്തികൊണ്ട് പണിയുന്നതിൽ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് ബുദ്ധിമുട്ടില്ല. അതേസമയം ഫോറസ്റ്റിന്റെ ഭൂമി അനധികൃതമായി വേണമെന്ന നിലപാട് എടുത്താൽ അതിന് ഇവിടെ കേന്ദ്ര നിയമം, പരിസ്ഥിതി നിയമം എന്നിവ നിലനിൽക്കുന്നു എന്നുള്ളതുകൊണ്ട് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ കൂടി അനുമതി നമുക്ക് വേണ്ടി വരും. അതുകൊണ്ട് ആ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാതെ അനധികൃതമായി ഭൂമി നൽകുന്നതിനുള്ള ബുദ്ധിമുട്ടുണ്ട് എന്നുള്ളതുകൊണ്ടാണ്. അതല്ലാതെ വികസനത്തിന് വിരുദ്ധമായ ഒരു നിലപാട് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് എടുക്കുന്ന പ്രശ്നമേയില്ല. മാത്രമല്ല, വനവിസ്തൃതി കേരളത്തിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. അപ്പോൾ ഇനിയും അത് കുറയ്ക്കാതിരിക്കുന്നതിന് വേണ്ടിയുള്ള മുൻകരുതൽ എന്നുള്ള നിലയിലാണ് ഈ നടപടിയെടുക്കുന്നത്. അതുകൊണ്ട് കഴിയാവുന്നത്ര പ്രായോഗികമായ വിധത്തിൽ നിലനിൽക്കുന്ന റോഡുകൾ അതേപടി മെയിന്റയിൻ ചെയ്ത് പോകുന്നതിന് ഒരു ബുദ്ധിമുട്ടുണ്ടാകില്ല. കമ്പക്കല്ല് കടവഴി റോഡ് വേണമെന്ന് ക്യാബിനറ്റ് തീരുമാനിച്ച് നിയമസഭയെ വിവരം അറിയിച്ചിട്ടുണ്ട്. വത്സപടിയിൽ നിന്ന് താഴോട്ട് വരുന്ന സ്ഥലത്ത് റോഡ് വെട്ടുന്നതിന് വേണ്ടിയുള്ള നടപടികൾ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ നടക്കുന്നുണ്ട്. അതിൽ പ്രായോഗികമായ സമീപനം ഈ ഡിപ്പാർട്ടുമെന്റ് എടുക്കുന്നതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, രാമക്കൽമേട് എന്നുപറയുന്നത് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ഒരു പ്രദേശമാണ്. തമിഴ്നാടിന്റെ അതിർത്തിയാണ്. അവിടെ ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. അത് റവന്യൂ ഭൂമിയാണ്. യഥാർത്ഥത്തിൽ നമ്മുടെ അതിർത്തി തരംതിരിക്കുന്ന വ്യക്തമായ സർവ്വേക്കല്ലുകളുള്ള പ്രദേശമാണ്. നമ്മുടെ ആളുകൾ തമിഴ്നാട് അതിർത്തിയിൽ കയറി മരം മുറിക്കുന്നു എന്നുപറഞ്ഞ് അവർ ഒരു ബോർഡ് സ്ഥാപിച്ചിരുന്നു. നമ്മുടെ അതിർത്തിയിൽ കയറിയാണ് ബോർഡ് സ്ഥാപിച്ചിരിക്കുന്നത്. കളക്ടറും മറ്റ് ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ട് ആ ബോർഡെല്ലാം എടുത്തുമാറ്റി. പിന്നീട് Inter State Boundary Settlement Dispute Forum വിളിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇപ്പോൾ കത്ത് കൊടുത്തിട്ടുണ്ട്. നമ്മുടെ ജില്ലയിലെ സർവ്വേ ഡെപ്യൂട്ടി ഡയറക്ടറോട് അതിർത്തി പരിശോധിക്കാനും കളക്ടർ നിർദ്ദേശം കൊടുത്തിട്ടുണ്ട്. സ്വാഭാവികമായും ഇപ്പോൾ അവിടെ പ്രശ്നങ്ങൾ ഇല്ല എന്നുള്ളതുകൊണ്ടും ഡെപ്യൂട്ടി ഡയറക്ടറുടെ പരിശോധനയ്ക്ക് ശേഷം മാത്രമേ ഏതെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

രൂപത്തിൽ നമ്മുടെ അതിർത്തിയിൽ തമിഴ്നാട് പ്രവേശിച്ചിട്ടുണ്ടോ ഇല്ലയോ എന്നുള്ളത് പറയാൻ പറ്റുകയുള്ളൂ. അതുകൊണ്ട് ഇക്കാര്യത്തിൽ ശാശ്വതമായ പരിഹാരം എന്നുപറയുന്ന Inter State Boundary Settlement Dispute Forum വിളിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കാനും സംയുക്തമായ ചർച്ച നടത്താനും ആവശ്യമായ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ബഹുമാനപ്പെട്ട ജയചന്ദ്രൻ പറഞ്ഞ കാര്യം ശരിയാണ്. തമിഴ്നാടിന്റെ നമ്മുടെ അതിർത്തി കഴിഞ്ഞാൽ തൊട്ടപ്പുറത്ത് തമിഴ്നാടിന്റെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ കയ്യിലുള്ള ഭൂമിയാണ്. ഈ അടുത്ത കാലത്ത് തമിഴ്നാട് വനം വകുപ്പ് അനധികൃത പ്രവേശനം നിയന്ത്രിക്കുന്നതിന് ഒരു ബോർഡ് കേരള അതിർത്തിയിൽ സ്ഥാപിക്കുകയും അത് ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ ഉടുമ്പൻചോല തഹസീൽദാരും പാർട്ടിയും അത് നീക്കം ചെയ്തതായി അറിയുന്നു. അതാണ് എനിക്ക് കിട്ടിയിട്ടുള്ള റിപ്പോർട്ട്. അങ്ങനെ ഒരു ബോർഡ് ഇപ്പോഴില്ല. അങ്ങ് പറഞ്ഞ ചോദ്യം, അവിടെ നമ്മുടെ സംസ്ഥാന അതിർത്തി നിർണ്ണയിക്കുന്നതിന് വേണ്ടിയുള്ള നടപടിയെടുക്കണമെന്നാണ്. നമ്മുടെ റവന്യൂ ഡിപ്പാർട്ടുമെന്റ് നടപടിയെടുക്കുന്നുണ്ട്. അതോടൊപ്പം തന്നെ സർവ്വേ ഡിപ്പാർട്ടുമെന്റ് ഇതിനുവേണ്ട നടപടിയെടുക്കണം എന്ന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്ന് ആവശ്യപ്പെട്ടിട്ടുമുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ കേരളത്തിന്റെ വനഭൂമിയുള്ള പ്രദേശത്തിന്റെ അതിർത്തി സംരക്ഷിക്കുന്നതിനും കയ്യേറ്റം തടയുന്നതിനും വനഭൂമി ചുരുങ്ങുന്നത് തടുത്തു നിർത്തുന്നതിനും നമ്മുടെ Forest Protective Staff-നെ ശക്തിപ്പെടുത്തേണ്ടതുണ്ട്. അവരെ ആയുധം അണിയിക്കുന്നതിനും ആവശ്യമായ രീതിയിൽ അവരെ strengthen ചെയ്യുന്നതിനും വേണ്ടിയുള്ള എന്തെല്ലാം നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആ നടപടിയെടുക്കണമെന്ന് ഗവൺമെന്റിന് നിർബന്ധമായും തോന്നാനുള്ള പ്രധാനപ്പെട്ട കാരണം മറയൂരിലുള്ള ചന്ദനമരവുമായി ബന്ധപ്പെട്ട ചില പൊതുവാർത്തകളാണ്. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ചില സ്റ്റെപ്സ് എടുത്തിട്ടുണ്ട്. Forest Protection Force-നെ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, കേരള-തമിഴ്നാട് അതിർത്തി നിർണ്ണയവുമായി ബന്ധപ്പെടുത്തി എല്ലാ സ്ഥലത്തും ജണ്ടയിടാൻ പറ്റിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അട്ടപ്പാടിയിലെ മേലേമുള്ളിയിൽ ജണ്ട മാറ്റി. അതുപോലെതന്നെ തേക്കടിയിലെ ഷോളയാർ മൂലകങ്കൽ നദിയാണ് അതിർത്തി. ഒരു ഭാഗം കേരളവും ഒരു

LIBRARY ARCHIVES Kerala Legislative Assembly

ഭാഗം തമിഴ്നാടും. നദിയുടെ ഗതി മാറ്റി 400 ഏക്കർ ഭൂമി തട്ടിയെടുത്തു. അതുപോലെ തന്നെ കിണ്ണക്കര മേഖലയിലും ഇതേ ഒരു സമീപനം തമിഴ്നാട് ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ മേയ് മാസം 29-ന് ഈ സ്ഥലം സന്ദർശിച്ചപ്പോൾ ശക്തമായ നടപടി സ്വീകരിക്കുമെന്ന് പറഞ്ഞതാണ്. പക്ഷേ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം വന്നിട്ടുണ്ടോ; ആവശ്യമായ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞതുപോലെ മൂലകങ്കലിൽ അതിർത്തി സംബന്ധിച്ചുള്ള അവ്യക്തത നിലനിൽക്കുന്നുണ്ട്. അത് വ്യക്തമായി നിർണ്ണയിക്കേണ്ടത് സർവ്വേ ഡിപ്പാർട്ടുമെന്റാണ്. സർവ്വേ ഡിപ്പാർട്ടുമെന്റിനോട് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഞാൻ ആ സ്ഥലം പോയി കണ്ടതാണ്. ജണ്ടയ്ക്കും നദിക്കും മദ്ധ്യേയുള്ള ഭൂമി കയ്യേറ്റം നടത്തുന്നതിന് വേണ്ടി കിണ്ണക്കരയിൽ ഒരു ശ്രമം നടന്നു. ആ ശ്രമം നമ്മൾ അംഗീകരിക്കുന്ന പ്രശ്നമില്ല. അതുകൊണ്ടാണ് അവിടെ സർവ്വേ നടത്താത്ത പ്രദേശങ്ങളിൽ സർവ്വേ നടത്തണമെന്ന് നമ്മൾ ആവശ്യപ്പെട്ടത്. മാത്രമല്ല കേരളത്തിന് ഇല്ലാത്ത ഒരു പ്രത്യേകത ഇവിടെയുണ്ട്. അവിടെ പഞ്ചായത്തിന്റെ ഹെഡ്ക്വാർട്ടേഴ്സ് തർക്കവിഷയമായിട്ട് നിൽക്കുകയാണ്. ദീർഘകാലമായിട്ടുള്ള തർക്കമാണ്. അത് പരിഹരിക്കുന്നതിന് വേണ്ടിയുള്ള നടപടിയും സർവ്വേ ഡിപ്പാർട്ടുമെന്റാണ് ചെയ്യേണ്ടത്. ഞങ്ങൾ സർവ്വേ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഞാൻ തന്നെ അവിടെ വരികയും സ്ഥലം സന്ദർശിക്കുകയും ചെയ്തതാണ്. അതിൻമേൽ നടപടിയെടുക്കുന്നതിനുള്ള പരിശ്രമം നടത്തുകയും ചെയ്തു.

ശ്രീ. സി. മോയിൻകുട്ടി: സർ, അയൽ സംസ്ഥാനവുമായിട്ടുള്ള കയ്യേറ്റവുമായി ബന്ധപ്പെട്ടുള്ള ചോദ്യമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അതിനു മുൻപായി നമ്മുടെ വകുപ്പുകൾ തമ്മിൽ ഇതുസംബന്ധിച്ചുള്ള വ്യക്തമായിട്ടുള്ള ഒരു ചിത്രം നിലവിലുണ്ടോ? നമ്മുടെ വകുപ്പുകൾ എന്നുപറയുന്നത് ഫോറസ്റ്റ്, റവന്യൂ വകുപ്പുകൾ തമ്മിൽ നമ്മുടെ അതിർത്തി സംബന്ധിച്ചുള്ള വ്യക്തമായിട്ടുള്ള തർക്കം നിലവിലുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതൊരു പുതിയ പ്രതിഭാസമല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ ചോദ്യം വന്നിട്ടുള്ളതാണ്. ഇതിന്റെയൊക്കെ ഫലമായി ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തി ആദ്യമായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും തമ്മിലുള്ള ഭൂമി സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അങ്ങ് മുൻകയ്യെടുക്കുമോ; അതിനുശേഷം അന്യസംസ്ഥാനങ്ങളിലേക്ക് കടക്കാൻ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് പറഞ്ഞത് ശരിയാണ്. ചില ഒറ്റപ്പെട്ട സ്ഥലങ്ങളിൽ അങ്ങനെയുള്ള ചില ബുദ്ധിമുട്ടുകളുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. അങ്ങ് പറഞ്ഞ കൂട്ടത്തിൽ അതിന്റെ ഉത്തരവും പറഞ്ഞു. ദീർഘകാലമായി നിലനിൽക്കുന്ന പ്രശ്നമാണ്. ഇത്രയും ദീർഘകാലമായി നിലനിൽക്കുന്നുവെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

സാരമായ പ്രശ്നം കാണുമെന്ന് നമുക്ക് അനുമാനിക്കാവുന്നതാണ്. പക്ഷേ ഈ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി നമ്മൾ ശ്രമിക്കുന്നതാണ്. ഇതിനകത്ത് പ്രധാനപ്പെട്ട ഒരു പ്രശ്നമുണ്ട്, ഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റിന്റേതായിരിക്കും, എന്നാൽ അതിലുള്ള മരം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേതായിരിക്കും. അങ്ങനെയുള്ള ചില തർക്കങ്ങൾ ഇതുമായി ബന്ധപ്പെട്ടുണ്ടാകും. അതുകഴിഞ്ഞ് ചിലപ്പോൾ കോടതിയിൽ പോകും. അതുകൊണ്ടാണ് കാലതാമസമുണ്ടാകുന്നത്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : സർ, ഈ വനഭൂമി അനധികൃതമായി കൈയേറപ്പെടുന്നത് ചെറുക്കപ്പെടേണ്ടതാണ്. ചില അതിർത്തി പ്രദേശങ്ങളിൽ അനധികൃതമായി നിരവധി വർഷങ്ങളായി താമസിച്ചു വരുന്ന ജനങ്ങൾ അതിർത്തി സംസ്ഥാനങ്ങളിൽ ഭൂമി കൈയേറാൻ ശ്രമിക്കുന്ന സ്ഥിതിയുണ്ട്. എന്റെ മണ്ഡലത്തിൽ പെരുമ്പുഴ പഞ്ചായത്തിൽ 100 വർഷങ്ങൾക്ക് മുമ്പ് ബ്രിട്ടീഷ് സർക്കാർ നൽകിയ ഭൂമിയാണെന്നു വ്യാഖ്യാനിച്ചുകൊണ്ട് കർണ്ണാടക ഫോറസ്റ്റ് വകുപ്പ് കഴിഞ്ഞ 10 - 60 വർഷമായി അവിടെ താമസിച്ചു വരുന്ന ആറാട്ടുകടവിലെ ജനങ്ങളുടെ കൈവശ ഭൂമി കൈയേറാനുള്ള ശ്രമം നടത്തി വരികയാണ്. ഇത് ഞാൻ മന്ത്രിയുടേയും സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിൽ ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തി ബന്ധപ്പെട്ട ഗവൺമെന്റുകളുമായി ചർച്ചകൾ നടത്തി അതിനു പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇത് അതിർത്തി നിശ്ചയിക്കാത്ത പല പ്രദേശങ്ങളിലെ ഒറ്റപ്പെട്ട പ്രശ്നങ്ങളാണ്. ആ ഗവൺമെന്റുകളുമായിട്ടാണ് നമുക്ക് ആലോചിക്കേണ്ടത്. രണ്ട് സമീപനം എടുക്കണം. ഒന്ന്, നമ്മുടെ ഡിപ്പാർട്ടുമെൻറിൽ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ സർവ്വേ നമ്മൾ പൂർത്തിയാക്കണം. രണ്ട്, തർക്കമുള്ള പ്രദേശങ്ങളിൽ തമിഴ്നാടുമായി ബന്ധപ്പെട്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തി അതിർത്തി നിർണ്ണയം നടത്തണം. ആ നടപടി നടന്നുകൊണ്ടേയിരിക്കുകയാണ്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, ഇവിടെ മന്ത്രി പറഞ്ഞ മറുപടിയിൽ തന്നെ സംസ്ഥാനത്തിന്റെ വന അതിർത്തി ഇതുവരെ പൂർണ്ണമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലെന്നും അതുമൂലമാണ് ഈ വനം കയ്യേറ്റവും മരം മുറിച്ച് കടത്തലും ധാരാളമായി നടക്കുന്നതെന്നും അദ്ദേഹം പറയുകയുണ്ടായി. ഇക്കാര്യത്തിൽ സർവ്വേ ഡിപ്പാർട്ടുമെന്റാണ് ആ കാര്യങ്ങൾ ചെയ്യേണ്ടത്, സർവ്വേ ഡിപ്പാർട്ടുമെൻറ് ഇത് ചെയ്യാത്തതുകൊണ്ട് ഇത് ആവർത്തിക്കുന്നുയെന്നു തുടരെ തുടരെ മറുപടി പറഞ്ഞു. ഈ കാര്യത്തിൽ ഒരു സമയപരിധി നിർണ്ണയിച്ച് ഇത് പൂർത്തിയാക്കണം. ഏത് അതിർത്തി പ്രദേശവും സംഘർഷ മേഖലയാണ്. ഇന്ത്യയുടേതായാലും പാക്കിസ്ഥാന്റേതായാലും തമിഴ്നാടിന്റേതായാലും വ്യക്തികളുടേതായാൽ പോലും നോക്കാതെ കിടക്കുന്ന അതിർത്തികളെല്ലാം സംഘർഷ പ്രദേശങ്ങളാണ്. അത് ഒഴിവാക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

അതിർത്തി നിർണ്ണയിക്കാൻ ഒരു അന്തർ സംസ്ഥാന കരാറിൽ ഏർപ്പെടാനും അങ്ങനെ കേരളത്തിൽ സ്ഥിരമായി ഈ വനം കയ്യേറ്റം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, എന്റെ ബഹുമാന്യനായ സ്നേഹിതൻ എന്റേതായി പറഞ്ഞത് എന്റെ വാക്കുകളല്ല. ഞാൻ എന്റെ വാക്കുകൾ പറഞ്ഞത് റിക്കാർഡിലുണ്ട്. അത് എല്ലാ ആളുകളും കേട്ടിരിക്കുകയാണ്. ഞാൻ ഒരു ഡിപ്പാർട്ടുമെന്റിനെയും കുറ്റപ്പെടുത്തി പറഞ്ഞിട്ടില്ല. നമ്മൾ അഡ്മിനിസ്ട്രേറ്റീവായി നീങ്ങുമ്പോൾ ഉണ്ടാകുന്ന ഡിലേയേക്കുറിച്ച് ചോദ്യങ്ങൾ വന്നപ്പോൾ ഡിലേയുടെ കാരണങ്ങൾ പറഞ്ഞു എന്നു മാത്രമേയുള്ളു. അദ്ദേഹം പറഞ്ഞമാതിരി അതിരൂക്ഷമായ സംഘർഷമൊന്നും നമ്മുടെ അതിർത്തി പ്രദേശങ്ങളിലില്ല. പക്ഷേ ചില ചില്ലറ തർക്കങ്ങളുണ്ട്. ആ ഡിസ്പ്യൂട്ട് തീർക്കണമെങ്കിൽ ആ ഗവൺമെന്റുമായി നമുക്ക് യോജിച്ച് ഒരു ജോയിന്റ് വെരിഫിക്കേഷൻ നടത്തിയേ ചെയ്യാൻ കഴിയൂ. അതിന്റെ ചില terrain -ന്റെ shape അനുസരിച്ച് ചില സ്ഥലങ്ങളിൽ നമുക്ക് വലിയ ബുദ്ധിമുട്ടുണ്ട്. അതാണ് ഞാൻ നേരത്തെ കമ്പക്കല്ലിലെ കാര്യം പറഞ്ഞത്. നമുക്ക് ആകാശ അതിർത്തി ചൂണ്ടിക്കാണിക്കുന്നതല്ലാതെ ഭൂമിയിൽ അതിർത്തി കാണിക്കാൻ കഴിയാത്ത വിധത്തിൽ അത്ര വളരെ ദുർഘടം പിടിച്ച സ്ഥലങ്ങളാണ്. എന്നാലും കാലാന്തരത്തിൽ അതിന്റെകൂടി അതിർത്തി നിർണ്ണയിക്കുന്നതിനുള്ള നടപടി എടുക്കാം.

ശ്രീ. എം. വി. ജയരാജൻ : സർ, നമ്മുടെ സംസ്ഥാനത്ത് വന അതിർത്തി നിശ്ചയിക്കാൻ 1974-ലാണ് സർവ്വേ പ്രവർത്തനം ആരംഭിച്ചത്. ഇതുവരെ അത് പൂർത്തീകരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. 11,760 കിലോ മീറ്റർ ദൂരം അതിർത്തിയിൽ വനമുണ്ട്. അതിൽ 9,650 കിലോമീറ്റർ ദൂരം മാത്രമെ ജണ്ടയിട്ടിട്ടുള്ളു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇപ്പോൾ കാണുന്ന ഒരു കാര്യം വയനാട്ടിൽ ഒരു ഉദാഹരണം പറയാം. നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷന്റെ കീഴിൽ ചില റെയിഞ്ചിലെ അതിർത്തി കർണ്ണാടകയിലും തമിഴ്നാട്ടിലുമാണ്. അവിടെ വനം കയ്യേറ്റക്കാർ വരുന്നത് തമിഴ്നാടിന്റെയോ കർണ്ണാടകത്തിന്റെയോ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെയോ സ്റ്റിക്കർ ഒട്ടിച്ച് വനത്തിനകത്ത് കയറുകയാണ്. കറുപ്പത്തോൽ ഉൾപ്പെടെയുള്ളത് കടത്തിക്കൊണ്ടു പോവുകയാണ്. അവരെ പിടിക്കാൻ നമുക്ക് കഴിയുന്നില്ല. 1988-ലെ ഒരു നാഷണൽ ഫോറസ്റ്റ് പോളിസി, ഒരു ജോയിന്റ് ഫോറസ്റ്റ് മാനേജുമെന്റ് എന്നു പറയുന്ന ഒരു പ്രോഗ്രാം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ വനാതിർത്തി സംരക്ഷണത്തിൽ ഒരു ജോയിന്റ് ഫോറസ്റ്റ് മാനേജുമെന്റ് പ്രകാരം, മറ്റ് സംസ്ഥാനങ്ങളിലെ വനം വകുപ്പുമായി സംയുക്തമായി എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങയുടെ നിർദ്ദേശം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, നമ്മുടെ വനാതിർത്തികൾ കുറഞ്ഞു വരുന്നു; അതിന്റെ വിസ്തീർണ്ണം കുറഞ്ഞു വരുന്നു. നമ്മുടെ കയ്യേറ്റം അങ്ങനെ നടക്കുന്നുമില്ല. അതിന്റെ അർത്ഥം തമിഴ്നാട്ടിലെ ആളുകൾ കടന്നുകയറി നമ്മുടെ വനഭൂമി കയ്യേറുന്നുയെന്നാണ്. അത് ഇവിടെ സൂചിപ്പിക്കുകയും ചെയ്തു. നമ്മുടെ അതിർത്തികൾ നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ഇവിടെ സൂചിപ്പിച്ചു. സമയബന്ധിത മായി ഈ കയ്യേറ്റം അവസാനിപ്പിക്കുന്നതിനും നമ്മുടെ അതിർത്തികൾ നിശ്ചയിക്കൽ ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കാൻ, തമിഴ്നാട് ഗവൺമെന്റുമായി ബന്ധപ്പെട്ട് നടത്താൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, കയ്യേറ്റമെല്ലാം തമിഴ്നാട്ടുകാരാണ് നടത്തുന്നതെന്നുള്ള ആശ്വാസത്തിൽ നമ്മൾ എല്ലാവരും ഒരുമിക്കുന്നത് ശരിയല്ല. അതിനകത്ത് പല വിപത്തുകളുമുണ്ട്. എല്ലാ ഭാഗങ്ങളും ഞാൻ പറയുന്നില്ല. കയ്യേറ്റം ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ നമ്മൾക്ക് നിയമപരമാക്കണം. അതിനുവേണ്ടിയുള്ള നടപടികൾ നമുക്ക് ശക്തിപ്പെടുത്തണം.

ശ്രീ. വി. കെ. ചന്ദ്രൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ചോദ്യത്തിനു മറുപടി പറയുമ്പോൾ തെറ്റായ മെസേജാണ് അസംബ്ലിയിൽ തന്നത്. സബ്ജക്ട് കമ്മിറ്റി III-ന്റെ സബ്കമ്മിറ്റിക്ക് ഞാനും പോയിരുന്നു. അച്ചൻകോവിൽ മലയിലും തൂവൽമലയിലും പോയി. അതിൽ സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽ അച്ചൻകോവിൽ മലയിൽ ഹനുമാൻ നദിയിലേക്ക് വരുന്ന ആനക്കുളം ഭാഗത്ത് അതിന്റെ ട്രിബ്യൂട്ടറി ആരംഭിക്കുന്നു എന്നു മന്ത്രി പറഞ്ഞത് തെറ്റാണ്. എന്റെ ചോദ്യം മലമ്പുഴ ഡാമിനു സമീപം, ഡാമിന് തന്നെ ഭീഷണി ഉണ്ടാക്കുന്ന രൂപത്തിൽ വാളയാർ ഫോറസ്റ്റ് റെയിഞ്ചിൽ മാന്തുരുത്തി എന്നു പറയുന്ന സ്ഥലത്ത് ഒരു സ്വകാര്യ സിമന്റ് നിർമ്മാണ ഫാക്ടറി ആരംഭിക്കുകയുണ്ടായി. ആ സിമന്റ് ഫാക്ടറി ആരംഭിക്കുമ്പോൾ തന്നെ ചില ഉദ്യോഗസ്ഥന്മാർ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിനെ ഇത് രേഖാമൂലം അറിയിച്ചതാണ്. ഉന്നത ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടിയാണ് സിമന്റ് ഫാക്ടറിയുടെ നിർമ്മാണം അവിടെ ആരംഭിച്ചത്. അതുസംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ വ്യക്തമായ വിവരം കിട്ടിയിട്ടും അത് ശ്രദ്ധിക്കാത്ത ഉദ്യോഗസ്ഥന്മാരുടെ പേരിൽ എന്ത് നടപടി എടുത്തു എന്നു വ്യക്തമാക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഈ പറഞ്ഞ സിമന്റ് ഫാക്ടറി കണ്ടെത്തിയത് അവിടെ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ ജണ്ട കെട്ടി വരുന്ന സന്ദർഭത്തിലാണ്. ഇങ്ങനെ ഒരു കൺസ്ട്രക്ഷൻ നമ്മുടെ ജണ്ട അതിർത്തി തിരിച്ചപ്പോൾ ഫോറസ്റ്റിനകത്തായി. ഈ അതിർത്തി പുറത്തും ഫോറസ്റ്റിനകത്ത് കൺസ്ട്രക്ഷനായി കണ്ടത്. അത് കണ്ടതിനുശേഷം ഉടനടി ശക്തമായ നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട ആളുകൾക്ക് എതിരെ നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, നാളിതുവരെ നമ്മുടെ പ്രദേശമായി കരുതിയിരുന്ന സ്ഥലത്ത് ഈ അടുത്തകാലത്ത് തമിഴ്നാട് സർക്കാർ സർവ്വേ നടത്തിക്കൊണ്ട് നമ്മുടേത് എന്ന് നമ്മൾ കരുതിയ പ്രദേശം അവരുടേതാണെന്നു കണക്കാക്കി അവർ ബോർഡ് സ്ഥാപിച്ചു. അവിടെ ഉണ്ടായിരിക്കുന്ന സംഭവം ദുഃഖകരമാണ്. ആ പ്രദേശത്ത് പോകുന്ന മലയാളികളായ ആളുകളെ തമിഴ്നാടിന്റെ ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ അറസ്റ്റ് ചെയ്യുന്നു. ആ നടപടി ഒരു സംസ്ഥാന ഗവൺമെന്റിന് ഭൂഷണമായ കാര്യമല്ല. അത്തരം നടപടികളിൽനിന്നു പിൻമാറാൻ തമിഴ്നാട് സർക്കാരിനോട് പ്രത്യേകമായ റിക്വസ്റ്റ് നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞത് പരിഗണിക്കുന്നതാണ്. ഞാൻ നേരത്തെ ഉത്തരം പറഞ്ഞതുകൊണ്ട് റിപ്പീറ്റ് ചെയ്യുന്നില്ല. മാത്രമല്ല, ഇപ്പോൾ തമിഴ്നാട്ടിലെ ഫോറസ്റ്റ് ഉദ്യോഗസ്ഥൻ തിരുവനന്തപുരം പട്ടണത്തിന്റെ മധ്യത്തിൽ വന്ന് തമിഴ്നാട് സംസ്ഥാനം എന്ന് പേര് എഴുതിവച്ചാൽ വല്ല വാലിഡിറ്റിയും ഉണ്ടോ? കേരളത്തിന്റെ ഭൂപ്രദേശത്ത് കയറി തമിഴ്നാടിന്റെ വക നാഥനില്ലാത്ത ഒരു ബോർഡ്, ആ ബോർഡ് സ്ഥാപിച്ചത് ആരാണെന്നറിയില്ല. തമിഴ്നാട് വനം വകുപ്പ് എന്ന് അതിൽ എഴുതിവച്ചിട്ടുണ്ട്. അതൊന്നും നമ്മൾ അംഗീകരിക്കുന്ന പ്രശ്നമേയില്ല.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ കമ്പക്കല്ലിന്റെ സ്ഥിതിയെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കമ്പക്കല്ലിൽനിന്നാണോ നമ്മൾ ശബരിമല വികസനത്തിനും പലകപ്പള്ളിക്കും സ്ഥലം വനം വകുപ്പിന് കൈമാറേണ്ടത്. ഈ സ്ഥിതിയിലാണെങ്കിൽ ആ സ്ഥലമെടുപ്പ് യോജിച്ചുകൊണ്ടു പോകാൻ ഇടയുണ്ടോ? അടിയന്തിരമായി സർവ്വേ നടത്തി കൈമാറ്റം നടത്താൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് വിശദീകരിക്കാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കമ്പക്കല്ലിൽ 305 ഏക്കർ ഭൂമി ശബരിമലയ്ക്കുള്ള ഭൂമിയായി വിട്ടുകൊടുത്തപ്പോൾ അതിനു പകരമായ ഭൂമിയായി ഇവിടെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് കിട്ടിയിട്ടുണ്ട്. ആ കൂട്ടത്തിൽത്തന്നെ പലകപ്പള്ളിക്ക് കൊടുക്കാൻ ആവശ്യമായ ഭൂമികൂടി ഇതിനകത്ത് ചേർക്കണമെന്നു ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള സർവ്വേ നടക്കുകയാണ്. അവിടെ ഇപ്പോൾ നല്ല മഴയായതുകൊണ്ട് സർവ്വേ ഉദ്യോഗസ്ഥന്മാർക്ക് നടന്നുചെല്ലാൻ പ്രയാസമുള്ളതുകൊണ്ട് ഒരു ചെറിയ ഡിലേ വന്നതാണ്. അവിടുത്തെ പ്രകൃതി ഒന്നു നേരെയായിക്കഴിഞ്ഞാൽ ഇമ്മീഡിയറ്റായിട്ട് നടപടി എടുക്കുന്നതാണ്.

ശ്രീ. മത്തായി ചാക്കോ : വനാതിർത്തി നിർണ്ണയിക്കാത്ത പ്രദേശങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളുമായി ബന്ധപ്പെട്ടുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

തമിഴ്നാടിന്റെ ഊട്ടിയും അതുപോലെതന്നെ ഗൂഡല്ലൂരെല്ലാം വരുന്ന നീലഗിരി ജില്ലയുടെ പോർഷൻ വരുന്നത്. യഥാർത്ഥത്തിൽ തമിഴ്നാട്ടിൽനിന്നുള്ള അതിർത്തിവഴി കടന്നുവന്ന മലയാളികളായിട്ടുള്ള വനംകൊള്ളക്കാർ മരം മുറിച്ചു കടത്തുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവിടെ ജണ്ടയിടുന്നതിന്, നീലഗിരിയും നമ്മുടെ സംസ്ഥാനവുമായിട്ട് ബന്ധപ്പെടുന്ന അതിർത്തിയിൽ ജണ്ടയിടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങയുടെ നിർദ്ദേശം തീർച്ചയായിട്ടും പരിഗണിക്കുന്നതാണ്.

ശ്രീ. കെ. ബാബു: സർ, ഈ അതിർത്തി മേഖലകളിൽ വനം കയ്യേറ്റം ഒരു സ്ഥിരം പ്രതിഭാസമാണ്. എന്നാൽ അതത് സന്ദർഭങ്ങളിൽ മനസ്സിലാക്കി ഈ വനം കയ്യേറ്റം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുവാൻ നമുക്ക് എന്ത് സംവിധാനമാണുള്ളത്? ആ സംവിധാനത്തിന് പോരായ്മകളുണ്ടോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടികൾ പുതുതായി സ്വീകരിക്കുവാൻ പോകുന്നുവെന്ന് വ്യക്തമാക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നമ്മുടെ അതിർത്തിപ്രദേശങ്ങളാണ് ഈ നിയമസഭയിൽ ഇപ്പോൾ വന്ന ചോദ്യങ്ങളുടെ പ്രസക്തമായ ഭാഗം. കേരളത്തിന്റെ അതിർത്തിപ്രദേശം മുഴുവൻ നിർത്തക്ക വിധത്തിലുള്ള ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സ് നമുക്കില്ല. പക്ഷേ, നമുക്ക് ഏറ്റവും ക്രിറ്റിക്കലായിട്ടുള്ള, പ്രയാസമുള്ള സ്ഥലത്ത് നമ്മുടെ surveillance ആവശ്യമാണെന്നു തോന്നുന്ന സ്ഥലങ്ങളിൽ, അവിടെയാണ് നമ്മൾ കൂടുതൽ കോൺസൻട്രേറ്റ് ചെയ്ത് ചെയ്യുന്നത്. നമ്മുടെ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ശക്തി പരമാവധി ഉണ്ടാക്കി വനം കയ്യേറ്റം തടയുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കും. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് മാത്രമല്ല, അതിനകത്ത് മറ്റ് ഡിപ്പാർട്ടുമെന്റുകളുടെയും എല്ലാവിധത്തിലുള്ള സഹായവും കിട്ടുന്നുണ്ട്. അതിർത്തി സംബന്ധിച്ച പ്രശ്നം സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട പ്രശ്നം എന്നുള്ള നിലയിൽ എല്ലാ ഡിപ്പാർട്ടുമെന്റുകളും ഇതിനകത്ത് സഹായകരമായ നിലപാടാണ് എടുക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, ഇവിടെ വനഭൂമി കുറഞ്ഞുവരുന്നതിനെ സംബന്ധിച്ചിടത്തോളമുള്ള കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. കണ്ണൂർ ജില്ലയിലുള്ള ഒരു സഹകാര്യ മരവ്യവസായ സ്ഥാപനത്തിന് കേരളത്തിലെ വനങ്ങളിൽനിന്നും മരം മുറിക്കുന്നതിന് ആവശ്യമായ അനുമതി നല്കിയതായിട്ട് പത്രവാർത്ത വന്നു. ഏതു സാഹചര്യത്തിലാണ്, എന്തു വ്യവസ്ഥകളോടെയാണ് ഇങ്ങനെ മരം മുറിക്കുന്നതിന് ഇവിടെ അനുവദിച്ചിട്ടുള്ളത്? അതോടൊപ്പംതന്നെ വനഭൂമിയിൽ വനം പ്ലാന്റ് ചെയ്യുന്നതിനുള്ള അനുമതികൂടി അവർക്ക് നല്കുന്നതായിട്ട് മനസ്സിലാക്കുന്നുണ്ട്; അത് എന്ത് അടിസ്ഥാനത്തിലാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങ് സൂചിപ്പിച്ച പ്രശ്നം കണ്ണൂർ ജില്ലയിലെ ജനപ്രതിനിധികളെല്ലാംകൂടി ചേർന്ന് ഒരു പ്രൊപ്പോസൽ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ വന്ന ഒരു തീരുമാനമാണെന്ന് എനിക്ക് തോന്നുന്നു. പക്ഷേ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് ആ കാര്യത്തിൽ വളരെ ശക്തമായ നിലപാട് എടുത്തിട്ടുണ്ട്. നിലവിലുള്ള ഫോറസ്റ്റ് നിയമത്തിന് വിധേയമായി ചെയ്യാവുന്ന സഹായങ്ങൾ ചെയ്യാം എന്ന നിലപാടാണ് എടുത്തിട്ടുള്ളത്.

ശ്രീ. രാജു എബ്രഹാം: നമ്മുടെ നിയമസഭാകമ്മിറ്റി ചെന്നപ്പോൾ അച്ചൻകോവിലിലും അതുപോലെതന്നെ എന്റെ മണ്ഡലത്തിന്റെ കിഴക്ക് തമിഴ്നാട് അതിർത്തിയിലുമൊക്കെ ഒരു മൂന്നു ദിവസമെങ്കിലും നടന്നുചെന്നെങ്കിൽ മാത്രമേ അതിർത്തിയിൽ ചെല്ലാൻ കഴിയുകയുള്ളൂ. അതേസമയം തമിഴ്നാട്ടിൽനിന്നും ജീപ്പിൽ അതിർത്തിയിലെത്താം. അതുകൊണ്ട് അവിടെ കഞ്ചാവുകൃഷിയടക്കം വർദ്ധിച്ചു വരുകയാണ്. ശ്രീ. കെ. ബാബുവിന്റെ ചോദ്യത്തിന് അങ്ങയുടെ മറുപടിയിൽ പെർമെനന്റ് ആയിട്ടുള്ള സൊല്യൂഷൻ നമുക്ക് കണ്ടെത്താൻ കഴിയുകയില്ല എന്നു പറഞ്ഞു. അതുകൊണ്ട് വാച്ച് ടവർ പോലെയുള്ള സംവിധാനങ്ങൾ, നിരീക്ഷണ സംവിധാനങ്ങൾ, അത് ഒരുക്കുവാനുള്ള നടപടികളടക്കം ആലോചിക്കുവാൻ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : തമിഴ്നാട്ടിലെ ആളുകൾക്ക് ജീപ്പിൽ വന്നെത്താം എന്നു പറയുന്നത് ഭൂപ്രദേശത്തിന്റെ പ്രത്യേകത കൊണ്ടാണ്. നമ്മുടെ മലകളും ഇടുക്കുകളും കയറിവേണം അവിടെ പോകുവാൻ. കേരളത്തിന്റെ ഭൂപ്രദേശത്തിന്റെ പ്രത്യേകതയാണ് അത്. അതു സംരക്ഷിക്കുവാനുള്ള നടപടി ഊർജ്ജിത പ്പെടുത്തുന്നതിനുവേണ്ടി പല പ്രദേശങ്ങളിലും അങ്ങേക്ക് അറിയാവുന്നതുപോലെ നമ്മുടെ നിയമസഭാ സമിതിയിൽ ഈ ഉദ്യോഗസ്ഥന്മാർ നേരിട്ടുവന്ന് deposition നടത്തിയിട്ടുള്ളതുപോലെ ജോയിന്റായിട്ടുള്ള ചില surveillance നടക്കുന്നുണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : കർണ്ണാടകത്തിന്റെ വനാതിർത്തി പങ്കിടുന്ന 11% വനമുള്ള ജില്ലയാണ് കാസർകോട്. അതിർത്തിയിൽ വലിയ തോതിലുള്ള കയ്യേറ്റം നടക്കുന്നു. പക്ഷേ, കാസർകോട് ജില്ലയ്ക്ക് സ്വന്തമായി ഒരു ഫോറസ്റ്റ് ഡിവിഷൻ ഓഫീസില്ല. ഇന്ന് കണ്ണൂർ ജില്ലയുടെ ഭാഗമാണ് ഡിവിഷൻ ഓഫീസ്. കണ്ണൂരാണ് അതിന്റെ ആസ്ഥാനം. അതുകൊണ്ട് ഏതെങ്കിലും വിധത്തിൽ നമ്മുടെ വനം സംരക്ഷിക്കുവാൻ ആവശ്യമായ സംവിധാനം കാസർകോട് ജില്ലയിൽ ഉണ്ടാക്കുവാൻ സാധിക്കുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാരിന് ഒരു ചെലവുമില്ലാതെ ഒരു ഡിവിഷൻ ഓഫീസ് കാസർകോട്ട് തുടങ്ങുന്നതിന് ആവശ്യമായ ഒരു പ്രൊപ്പോസൽ അവർ സമർപ്പിച്ചിട്ടുണ്ട്. ആ പ്രൊപ്പോസൽ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് അടിയന്തിരമായി ഒരു ഫോറസ്റ്റ് ഡിവിഷൻ ഓഫീസ് കാസർകോട്ട് തുടങ്ങുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ആ പ്രൊപ്പോസൽ പരിശോധനയിലിരിക്കുകയാണ്.

ജലസേചന പദ്ധതികൾക്ക് ലോകബാങ്ക് സഹായം

*2 [270] *ശ്രീ. കോവൂർ കുഞ്ഞുമോൻ :*

,, *എ. എ. അസീസ് :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിൽനിന്ന് എത്ര കോടി രൂപയുടെ ജലസേചന പദ്ധതികൾക്കാണ് അംഗീകാരം കിട്ടിയിരിക്കുന്നത്;

(ബി) ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :* (എ) & (ബി) ലോകബാങ്കിൽനിന്നും കേരളത്തിൽ നടപ്പിലാക്കേണ്ട ജലസേചന പദ്ധതികൾക്കൊന്നും അംഗീകാരം കിട്ടിയിട്ടില്ല. അംഗീകാരത്തിനായി ജലസേചന പദ്ധതികളൊന്നും ലോകബാങ്കിന് സമർപ്പിച്ചിട്ടുമില്ല.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, കേരളത്തിലെ കർഷകരും പൊതുജനങ്ങളും രണ്ടുകയ്യും നീട്ടി സ്വാഗതം ചെയ്തതാണ് കല്ലട ഇറിഗേഷൻ പ്രോജക്ട്. ഈ ഇറിഗേഷൻ പ്രോജക്ടിന്റെ പല പണികളും ഇപ്പോൾ പാതിവഴിക്കിട്ട് ഉപേക്ഷിച്ചു പോയിരിക്കുകയാണ്. തുടർന്നുള്ള വർക്കുകൾ പൂർത്തീകരിക്കുന്നതിന് ലോകബാങ്കിന്റെ സഹായം തേടുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇല്ല. ലോകബാങ്കിന്റെ സഹായത്തോടുകൂടി കല്ലട ഇറിഗേഷൻ പ്രോജക്ടിന് ധനസഹായം കിട്ടിയിട്ടുണ്ട്. ആ പ്രോജക്ട് കൊണ്ടുപോകുന്നതിനുവേണ്ടി നമ്മൾ ശ്രമിച്ചിട്ടുമുണ്ട്. ഇതൊക്കെ ഈ സഭയിൽ നിരവധി പ്രാവശ്യം ചർച്ച ചെയ്തതാണ്. അതുകൊണ്ട് ഈ ചോദ്യോത്തരസമയത്ത് കൂടുതൽ സമയം ഞാൻ അതിനുവേണ്ടി എടുക്കുന്നില്ല. കല്ലട ഇറിഗേഷൻ പ്രോജക്ട് ഏറെക്കുറെ തീർന്നുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. ഒഫീഷ്യലായിട്ട് അത് ക്ലോസ് ചെയ്തുവെന്ന് നമ്മൾ ഡിക്ലെയർ ചെയ്തില്ല എന്നു മാത്രമേയുള്ളൂ. ഇത് മുന്നോട്ടുപോകണമെന്നു വരികിൽ ആ ഇറിഗേഷൻ പ്രോജക്ടിനെ CADA പദ്ധതിയിലേക്ക് മാറ്റേണ്ടിവരും. ഞാൻ കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ അത് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അനുകൂലമായ പരിഗണന നല്കാമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇത് CADA പ്രോജക്ടിലേക്ക് എത്തുമെന്നുള്ള പ്രതീക്ഷയോടുകൂടി നില്ക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് 149 കോടി രൂപയുടെ ഒരു ദീർഘകാല സഹായത്തിനു വേണ്ടിയുള്ള ഒരു നിർദ്ദേശമാണ് കേന്ദ്ര ഗവൺമെന്റിനു മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly